# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 141 — 22/3/2013 - ൽ മറുപടിക്ക്

## പൈതൃക മ്യൂസിയങ്ങൾ

**ചോദ്യം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. പാലോട് രവി

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (എ) | ജില്ലാതല പുരാവസ്തു പൈതൃക/മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി 2012 -13 ബഡ്ജറ്റിൽ 14 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ തിരുവനന്തപുരത്ത് ശ്രീപാദം കൊട്ടാരം, എറണാകുളത്ത് ബാസ്റ്റ്യൻ ബംഗ്ലാവ്, തൃശ്ശൂർ കൊല്ലംകോട് കൊട്ടാരം, മാനന്തവാടി പഴശ്ശികുടീരം പ്രോജക്ട് എന്നിവിടങ്ങളിൽ ജില്ലാ തല പൈതൃക/പുരാവസ്തു മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം അറിയിക്കുമോ ; | (ബി) | നമ്മുടെ പൈതൃകത്തിന്റേയും ചരിത്രത്തിന്റേയും തിരുശേഷിപ്പുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ഭാവി തലമുറയ്ക്ക് മനസിലാകുന്ന രീതിയിൽ ആധുനിക സംവിധാനങ്ങളോടു കൂടി മ്യൂസിയം സജ്ജീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി മ്യൂസിയങ്ങളുടെ രൂപകല്പനയിലും ദൃശ്യവൽക്കരണത്തിലും ഏറ്റവും പുതിയ സങ്കേതിക വിദ്യകൾ ഉപയോഗിച്ച് നമ്മുടെ പാരമ്പര്യം നിലനിർത്തികൊണ്ട് ഭാവിതലമുറയ്ക്ക് പഠിക്കുവാനും മനസ്സിലാക്കുവാനും ഇതു ഉപകരിക്കും. |

| | | | |
|---|---|---|---|
| (സി) | ആയതിനുള്ള സ്ഥലവും കെട്ടിടവും കണ്ടെത്തുന്നത് എങ്ങനെയാണ്; വിശദമാക്കുമോ ; | (സി) | ആദ്യം തുടങ്ങാനുദ്ദേശിക്കുന്ന 4 മ്യൂസിയങ്ങൾ പുരാവസ്തു വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 4 കെട്ടിടങ്ങളിൽ സജ്ജീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ ? | (ഡി) | സാംസ്കാരിക വകുപ്പ് 04/02/2012 - ലെ G.O(Rt)69/12/CAD പ്രകാരം മ്യൂസിയങ്ങളുടെ നോഡൽ ഏജൻസിയായി നിയോഗിച്ച 'കേരളം ചരിത്ര പൈതൃക മ്യൂസിയം' ഏജൻസിയായി പ്രവർത്തിക്കുന്നു. |

Sheela H

സെക്ഷൻ ഓഫീസർ